പുഞ്ചയിലേയ്ക്ക് വെള്ളം

*൯൪൫. (പ്രവൃ) സാഹിബ് ബഹദൂർ കെ. സി. എം. മേത്തർ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ,—

ചൊവ്വര പെരോച്ചാൽ പുഞ്ചയിലേക്ക കറേക്കാലമായി ചൊവ്വര വാട്ടർവക്സിൽ നിന്നും വെള്ളം കൊടുത്തുകൊണ്ടിരുന്നതു ഇപ്പോൾ നിറുത്താൻ തീരുമാനിച്ചിട്ടുണ്ടോയെന്നും, ഉണ്ടെങ്കിൽ മേലാൽ പെരോച്ചാൽ പുഞ്ചയിലേയ്ക്കു വെള്ളം കൊടുപ്പാൻ എതു പദ്ധതിയാണ് ഗവണ്മെണ്ടു് ഉദ്ദേശിക്കുന്നതെന്നും ദയവായി പറയുമോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: ഫ്രഞ്ചു മുതൽ നിറുത്താൻ തീരുമാനിച്ചിട്ടുണ്ടു്. ഈ സ്ഥലം ചൊവ്വര പ്രദേശത്തുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കായ്യം ഗവണ്മെണ്ടിന്റെ അന്വേഷണത്തിൽ ഇരിക്കയാണു്.

എറണാകുളം ടാൻസ്പോർട്ട് ഗാരേജും മറവും

*൯൪൬. (പ്രൻ) സാഹിബ് ബഹദൂർ കെ. സി. എം. മേത്തർ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

എറണാകുളം ബോട്ടുബ്രേസ്സിൽ, ടാൻസ്പോർട്ട് ഗാരേജ്, വെയിറ്റിംഗ് ഷെഡ്സ് ഇതുകൂടി കൂടുതൽ ഭംഗിയായും ഉപയോഗപ്രദമായും പരിഷ്കരിക്കുന്നതിനു് ഗവണ്മെണ്ടു് ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതു എപ്പോൾ ചെയ്യുമെന്നും അതിനു് എന്തു ചെലവുവരുമെന്നും ദയവായി പറയുമോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: ആലോചിക്കുന്നുണ്ടു്. ഗാരേജു് പണിതിട്ടു പരിസരത്തിരം കാൺക്രീറ്റ് ചെയ്യുന്നതിനു് എടുപ്പാടു് ചെയ്തിട്ടുണ്ടു്. ഇപ്പോൾ കാൺക്രീറ്റ് ചെയ്തുകൊണ്ടിരിക്കുകയാണു്.

സാഹിബ് ബഹദൂർ കെ. സി. എം. മേത്തർ: ഗാരേജിനു് സ്ഥലം നിശ്ചയിച്ചതു് ആരാണു്?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: അധികൃതരാണു്.

സാഹിബ് ബഹദൂർ കെ. സി. എം. മേത്തർ: ബഹുമാനപ്പെട്ട മന്ത്രിയാണോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: മന്ത്രിയും അധികൃതരിലുൾപ്പെട്ടതു.

സാഹിബ് ബഹദൂർ കെ. സി. എം. മേത്തർ: എറണാകുളം മുനിസിപ്പാലിറ്റിയോടു് ഈ കായ്യത്തെപ്പറ്റി ആലോചിച്ചോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: ആ കായ്യം എനിക്കു നിശ്ചയമില്ല.

ശ്രീ. പി. കെ. ഡിവർ: അതിനു് എന്തു ചിലവു വരും.

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. എൽ. എം. പൈലി: എന്നാണു് പുതിയ ഗാരേജു് ഉപയോഗത്തിൽ വരുത്തുന്നതു്?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: അതിന്റെ മൻവശം കാൺക്രീറ്റ് ചെയ്തുകഴിഞ്ഞാലുടൻ ഉപയോഗത്തിൽ വരും.

BOARD OF PUBLIC EXAMINATIONS

*946 [20] **Sri. A. K. George:** Will the Hon'ble Minister for Education be pleased to state whether there are new members on the Board of Public Examinations in the State who are also examiners?

Sri. Panampilli Govinda Menon: As the information might give indication as to who the examiners are, I regret the same cannot be divulged on the floor of the House at present.

Sri. A. K. George: May I know whether any member of the Board is given papers?

Sri. Panampilli Govinda Menon: I have said that if that information is given it may give some indication as to the persons who are the examiners. So, it cannot be given.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ബോർഡ് ആഫ്. എക്സാമിനേഴ്സിനെ കാൺസ്റ്റിറ്റ്യൂട്ട് ചെയ്യുന്നതാരാണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഗവണ്മെണ്ടുതന്നെ.

LIBRARY ARCHIVES Kerala Legislative Assembly